Draft #1 of File 64923/EB OQPM1/1/2020 Approved by ASSISTANT REGISTRAR XXI (EXAM) on 29-Dec-2020 02:14 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിഷയം: ജീവനകാര്യം - പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഇതര സെക്ഷനുകളിലെ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് : ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

EB Online Question Paper Management-1

നമ്പർ. 7/EB OQPM-2/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2021

---

*പരാമർശം:*-(1) University Exam Notification No: 9000/EA1/2/2020 dated 05/11/2020

(2) University Order No: 5353/EB OQPM 1/2020/MGU dated 11/11/2020

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള യു ജി റെഗുലർ/പ്രൈവറ്റ് വിദ്യാർത്ഥികളുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ ചോദ്യബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ച ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി, പ്രസ്തുത ജോലികൾ കൈകാര്യം ചെയ്യുന്ന OQPM 1, OQPM 2 എന്നീ സെക്ഷനുകളിലുള്ളവരെ കൂടാതെ ഇതര സെക്ഷനുകളിൽ നിന്നും 8 പേരെ കൂടി,അവരവരുടെ സെക്ഷനുകളിലെ ജോലികളെ ബാധിക്കാത്ത തരത്തിൽ, പ്രവൃത്തി ദിവസങ്ങളിൽ, രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 5 മണി മുതൽ 6 മണി വരെയും ലഭ്യമാക്കുന്നതിനും, ഇപ്രകാരം ജോലിയ്ക്ക് ഹാജരാകുന്നവർക്ക് ഹാജരാകുന്ന രണ്ട് പ്രവൃത്തിദിവസങ്ങൾക്ക് ഒരു ദിവസമെന്ന ക്രമത്തിൽ പരിഹാര അവധി നൽകുന്നതിനുമുള്ള ശിപാർശ ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയും, പ്രസ്തുത തീരുമാനം പരാമർശം (2) പ്രകാരം ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

തുടർന്ന് പ്രസ്തുത തീരുമാനം പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽപരാമർശിച്ചിരിക്കുന്നതിൻ പ്രകാരം ഹാജരാകുന്ന ജീവനക്കാർക്ക്, ഹാജരാകുന്ന മൂന്ന് പ്രവൃത്തിദിവസങ്ങൾക്ക് ഒരു ദിവസവും, ഒരു അവധി ദിവസത്തിന് ഒരു ദിവസവും എന്ന ക്രമത്തിൽ (ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം വരെ) പരിഹാര അവധി അനുവദിച്ച് ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മനോജ് കെ കെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)

പരീക്ഷ കൺട്രോളർക്ക വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4. എസ്. ഒ/എ.ആർ EL1/EI 8/EB 3/EI 17/EH 13/CBCSS 27
5. IQAC/കണ്ടന്റ് മാനേജ്മെന്റ്/റെക്കോർഡ്സ് സെക്ഷൻ
6. സ്റ്റോക്ക്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 64923/EB OQPM1/1/2020 Approved by ASSISTANT REGISTRAR XXI (EXAM) on 29-Dec-2020 02:14 PM - Page 2